# മീഡിയായുടെ മുസ്‌ലിംവേട്ട

■ *മുസ്‌ലിംസമൂഹത്തെ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ഒളിഞ്ഞും തെളിഞ്ഞും ഭീകരത, തീവ്രവാദം എന്നീ പേരുകളിൽ നിരന്തരം കടന്നാക്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ മലയാളത്തിലെ ചില പത്രമാധ്യമങ്ങൾ മനഃപൂർവം കള്ളക്കഥകൾ മെനഞ്ഞെടുത്ത് നിരപരാധികളായ മുസ്‌ലിം യുവാക്കളെ പ്രതിക്കൂട്ടിലാക്കിയും കേരളത്തിലെയും മറ്റു നിരവധി സംസ്ഥാനങ്ങളിലെയും മുസ്‌ലിം പ്രദേശങ്ങളെ മാത്രം തെരഞ്ഞെടുത്ത് തീവ്രവാദ ലിസ്റ്റിൽ ചേർത്തും പത്രകോളങ്ങൾ നിറച്ചുകൊണ്ടിരിക്കുന്നു.*

*മലയാള പത്രമായ മംഗളത്തിൽ കെ.കെ സുനിൽ കൊച്ചിയും ജോയ് എം. തൃശൂരും ചേർന്ന് തുടരെ തുടരെ മുസ്‌ലിം സമൂഹം തിങ്ങിത്താമസിക്കുന്ന കേരളത്തിലെ പ്രധാന ജില്ലകളെയും തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, ദൽഹി, ഗുജറാത്ത്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ഒറീസ തുടങ്ങി സംസ്ഥാനങ്ങളിലെ സിമിയെയും ഇന്ത്യൻ മുജാഹിദിനെയും ലശ്കറെ ത്വയ്യിബയെയും ബന്ധപ്പെടുത്തി കഥകൾ മെനഞ്ഞുകൊണ്ടിരിക്കുന്നു. പോലീസ് വകുപ്പ് കൊടുക്കുന്ന വാർത്തകൾ അപ്പടി വിഴുങ്ങി അച്ച് നിരത്തുകയാണ് ലേഖകന്മാർ.*

*ഇത്തരത്തിൽ വാർത്താമാധ്യമങ്ങളും ലേഖകന്മാരും ആടിനെ പട്ടിയാക്കിയും പട്ടിയെ പേപ്പട്ടിയാക്കിയും തല്ലിക്കൊല്ലുന്നതിനെക്കുറിച്ച് മുജീബിന്റെ പ്രതികരണം?*

***നേമം താജുദ്ദീൻ തിരുവനന്തപുരം***

**മീ**ഡിയയുടെ വ്യവസായവത്കരണം, തദ്ഫലമായ കിടമത്സരം, പത്രപ്രവർത്തനരംഗത്തെ ഗുരുതരമായ മൂല്യച്യുതി, ജേർണലിസ്റ്റുകളുടെ ഇസ്‌ലാമിനെക്കുറിച്ച ദയനീയമായ അജ്ഞത, മുസ്‌ലിം സമുദായത്തിൽ പിറന്ന സ്യൂഡോ സെക്യുലരിസ്റ്റുകളുടെ കുത്സിത ഇടപെടലുകൾ തുടങ്ങിയ ഒട്ടേറെ ഘടകങ്ങളുണ്ട് ഇന്ത്യൻ മീഡിയയുടെ മുസ്‌ലിംവേട്ടക്കു പിന്നിൽ. ഒപ്പം രാഷ്ട്രാന്തരീയ തലത്തിൽ അമേരിക്കൻ ലോബിയും ദേശീയ തലത്തിൽ ഫാഷിസ്റ്റ് ലോബിയും ഭീകരതക്കും തീവ്രവാദത്തിനുമെതിരെ എന്ന പേരിൽ നടത്തുന്ന ഇസ്‌ലാംവിരുദ്ധ പ്രോപഗണ്ട മാധ്യമങ്ങളെ അഗാധമായി സ്വാധീനിച്ചിട്ടുണ്ട്. സത്യസന്ധതയും നിഷ്പക്ഷതയും കളഞ്ഞുകുളിച്ച പോലീസ്-ഉദ്യോഗസ്ഥ വിഭാഗങ്ങൾ ഏകപക്ഷീയമായി നൽകുന്ന 'വിവരങ്ങൾ' കൂടിയാവുമ്പോൾ സ്ഥിതി തീർത്തും വഷളാവുന്നു.

ഈ സ്ഥിതിവിശേഷം രൂപപ്പെടുന്നതിൽ മുസ്‌ലിം സമുദായത്തിനും അതിന്റേതായ ഉത്തരവാദിത്വമുണ്ട്. വാർത്താവിനിമയ സംവിധാനങ്ങളും വിവരസാങ്കേതിക വിദ്യയും വൻ കുതിപ്പ് നടത്തിയ വർത്തമാനകാലത്ത് മീഡിയയുടെ പ്രാധാന്യം സമുദായ സംഘടനകളോ നേതൃത്വങ്ങളോ തിരിച്ചറിഞ്ഞില്ല. പത്തൊമ്പതാം നൂറ്റാണ്ടിലെ പീറക്കടലാസുകളുടെ കാലം പിന്നിട്ടതും അവർ അറിയാതെ പോയി. അതിനാൽ ഇന്ത്യയിലെ പൊതുസമൂഹത്തെ അഗാധമായി സ്വാധീനിക്കുന്ന ഹിന്ദി-ഇംഗ്ലീഷ് പത്രലോകത്ത് വട്ടപ്പൂജ്യമാണ് സമുദായത്തിന്റെ പങ്ക്. ഭാഷാ പത്രങ്ങളിൽതന്നെ ദയനീയമാണ് മുസ്‌ലിം പ്രാതിനിധ്യം. പ്രഗത്ഭരായ പത്രപ്രവർത്തകരിൽ മുസ്‌ലിം നാമധാരികൾ പോലും വിരലിലെണ്ണാൻ മാത്രം. അവരിൽ പലർക്കുമാകട്ടെ പിറന്ന സമുദായത്തോട് പരമ പുഛവും. ടി.വി ചാനലുകളുടെ പ്രവിശാലമായ ചക്രവാളം ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം അസ്പൃശ്യമായി അവശേഷിക്കുന്നു. കാലഘട്ടത്തിലെ ജിഹാദ് മീഡിയയിലൂടെയാണെന്ന് മതപണ്ഡിതന്മാർ സമുദായത്തെ ബോധവത്കരിച്ചില്ല. പകരം മിനാരങ്ങൾ മാനംമുട്ടെ ഉയർത്തുന്നതിലും അനാഥാലയങ്ങളുടെ എണ്ണം കൂട്ടുന്നതിലും ഖുർആൻ പാരായണത്തിലും മത്സരിക്കുന്നതാണ് ഇസ്‌ലാമിക സേവനമെന്ന് സംഘടനകളും പണക്കാരും ധരിച്ചുവശായി. മീഡിയയുടെ ആക്രമണം മദ്റസകളിലേക്കും പള്ളികളിലേക്കും വരെ കടന്നുകയറിയിട്ടും സമുദായം ഉറക്കുണർന്ന ലക്ഷണമില്ല. അനന്തസാധ്യതകളുള്ള മീഡിയാരംഗത്തേക്ക് ബിരുദധാരികളായ യുവാക്കളെ പരിശീലനത്തിനയക്കണമെന്ന ബോധം പോലും നാസ്തി. പിന്നെ വിധിയോർത്ത് കരഞ്ഞിട്ടെന്തു കാര്യം?

## ദഅ്‌വത്ത് ആരിൽ

■ *സഹോദര സമുദായങ്ങളിൽ ഇസ്‌ലാമിക സന്ദേശം എത്തിക്കുന്നതിനാണല്ലോ ദഅ്‌വത്ത് എന്ന് പറയുന്നത്. എന്നാൽ ദഅ്‌വത്ത് ശരിക്കും പ്രാവർത്തികമാക്കേണ്ടത് ഇസ്‌ലാമിക സമൂഹത്തിലാണെന്ന് തോന്നിപ്പോകുന്നു. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മാമൂലുകളിലും പൊങ്ങച്ചജാടകളിലും മതിമറന്ന് ജീവിക്കുന്ന സമുദായത്തിലെ ഭൂരിപക്ഷം പേരും 'ഞങ്ങൾ ഹിദായത്ത് ലഭിച്ചവരാണ്' എന്ന് പറയുന്നതിന്റെ യുക്തി*

*എന്താണ്? ദഅ്‌വാ പ്രവർത്തനത്തിനിടയിൽ ഒരു അമുസ്‌ലിം സുഹൃത്ത് പറയുകയുണ്ടായി, 'ആദ്യം നിങ്ങൾ നന്നാവുക. എന്നിട്ട് മറ്റുള്ളവരെ നന്നാക്കിയാൽ മതി'യെന്ന്. മുജീബിന്റെ പ്രതികരണം?*

***ടി. മുഹമ്മദ് ഹനീഫ***
***പട്ടിക്കാട്***

**ഏ**കദൈവത്വം, പ്രവാചകത്വം, മരണാനന്തര ജീവിതം എന്നീ അടിസ്ഥാന തത്ത്വങ്ങളിലേക്കാണ് പ്രവാചകന്മാർ ജനസമൂഹങ്ങളെ ക്ഷണിച്ചിരുന്നത്. അതിനാൽ അതാണ് ഖുർആൻ പരിചയപ്പെടുത്തിയ 'ദഅ്‌വത്ത്'. ഈയടിസ്ഥാന തത്ത്വങ്ങളിൽനിന്ന് വ്യതിചലിച്ച മതസമുദായങ്ങളെ സത്യത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള പ്രബോധനവും ദഅ്‌വത്ത് തന്നെ. യഹൂദരും ക്രൈസ്തവരും പ്രബോധിതരാവുന്നത് അങ്ങനെയാണ്. എന്നാൽ മുസ്‌ലിംകളോ? നാസ്തികരോ നിർമതരോ അല്ലാത്ത മുസ്‌ലിംകൾ പൊതുവെ ഉപര്യുക്ത തത്ത്വങ്ങളിൽ വിശ്വസിക്കുന്നവരാണ്; മൗലിക പ്രമാണമായി ഖുർആനെ അംഗീകരിച്ചവരുമാണ്. അതിനാൽ അവരെ വീണ്ടും അതിലേക്ക് ക്ഷണിക്കേണ്ടതാവശ്യമല്ല. പക്ഷേ, എല്ലാ കാര്യങ്ങളിലും അബദ്ധം പിണഞ്ഞവരും കർമപരമായി വ്യതിചലിച്ചവരും മുസ്‌ലിംകളിലുണ്ട്. അവരെ സംസ്കരിക്കുകയാണാവശ്യം. അതാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പോളിസി-പ്രോഗ്രാമിൽ പറയുന്ന ഇസ്‌ലാഹെ മുആശറഃ. ഇസ്‌ലാഹിൽ വിശ്വാസപരവും കർമപരവുമായ സംസ്കരണം ഉൾപ്പെടുന്നു. ഇക്കാര്യം പ്രബോധിതരായ അമുസ്‌ലിംകൾക്ക് വിശദീകരിച്ചുകൊടുത്താൽ തെറ്റിദ്ധാരണകൾ നീങ്ങും. ദഅ്‌വത്തും ഇസ്‌ലാഹും ഒപ്പത്തിനൊപ്പം നിർവഹിക്കേണ്ടതിനാൽ ഒന്നു കഴിഞ്ഞിട്ടുമതി മറ്റേത് എന്ന പ്രശ്നം ഉദിക്കുന്നില്ല.

## നരകപാപികൾക്കും സ്വർഗം?

■ *ശിക്ഷ കഴിഞ്ഞതിനുശേഷം എത്ര വലിയ തെറ്റ് ചെയ്തു നടന്നവനായാലും അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കും. ഫിർഔനെയും നംറൂദിനെയും അബൂജഹലിനെയും മറ്റെല്ലാവരെയും സ്വർഗത്തിലാക്കും എന്നും നരകം കാലിയാകുമെന്നും ഒരു പ്രമുഖ സലഫി പണ്ഡിതന്റെ പ്രസംഗത്തിൽ കേട്ടു. ഇത് ശരിയാണോ?*

***മുഹമ്മദ് ചാത്തോലി***
***വണ്ടൂർ***

**ന**രകജീവിതത്തെക്കുറിച്ച ഖുർആൻ സൂക്തങ്ങൾ പൊതുവെ അത് ശാശ്വതമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ശാശ്വതം എന്നാൽ ഒരിക്കലും അവസാനിക്കാത്തത് എന്നാണർഥം. അതിനാൽ നരകജീവിതം അനന്തമായി തുടരും എന്ന് വിശ്വസിക്കുന്നവരാണ് എക്കാലത്തെയും മതപണ്ഡിതന്മാരിൽ ബഹുഭൂരിഭാഗവും.

എന്നാൽ ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യ(റ)യുടെ ശിഷ്യനും പ്രഗത്ഭ പണ്ഡിതനുമായിരുന്ന ഇബ്‌നുൽ ഖയ്യിം നരകജീവിതം ശാശ്വതമാവണമെന്നില്ല എന്ന പക്ഷക്കാരനാണ്. അതിനദ്ദേഹത്തിന്റെ ന്യായങ്ങൾ: 1. അല്ലാഹു പറയുന്നു: "അതിൽ അവർ യുഗങ്ങളോളം താമസിക്കും" (*അന്നബഅ്* 23). യുഗങ്ങളോളം എന്ന് പറയുക അവസാനിക്കുന്നകാലയളവിനെക്കുറിച്ചാണ്, അറ്റമില്ലാത്തതിനെക്കുറിച്ചല്ല. 2. "നരകമാണ് നിങ്ങളുടെ പാർപ്പിടം. അല്ലാഹു ഉദ്ദേശിച്ച സമയമൊഴികെ നിങ്ങളതിൽ നിത്യവാസികളായിരിക്കും'' (*അൽഅൻആം* 128). അല്ലാഹു ഉദ്ദേശിച്ച സമയമൊഴികെ എന്ന സൂചന നരകത്തിന്റെ നശ്വരതയെ സൂചിപ്പിക്കുന്നു. 3. "ആകാശഭൂമികൾ നിലനിൽക്കുന്നേടത്തോളം അവരതിൽ നിത്യവാസികളായിരിക്കും. നിന്റെ രക്ഷിതാവ് ഉദ്ദേശിച്ച കാലമൊഴികെ" (*ഹൂദ്* 107). 4. മഹാന്മാരായ സ്വഹാബികളായ ഉമർ, ഇബ്‌നു മസ്ഊദ്, അബ്ദുല്ലാഹിബ്‌നു അംറുബ്നിൽ ആസ്, അബൂഹുറയ്റ, അബൂസഈദുൽ ഖുദ്‌രി, ഇബ്‌നു അബ്ബാസ് (റ) എന്നിവരിൽനിന്നുള്ള ചില റിപ്പോർട്ടുകൾ നരകത്തിന്റെ നശ്വരതയെ സൂചിപ്പിക്കുന്നതാണ്. 5. അല്ലാഹു നീതിമാനും കരുണാവാരിധിയും വിശാലനും ശിക്ഷ ലക്ഷ്യംവെക്കാത്തവനുമാകയാൽ തന്റെ സൃഷ്ടികളായ മനുഷ്യർ എത്രമഹാപാതകം ചെയ്താലും ഒരുനാൾ അവൻ അവരോട് കനിയാം. അതിനാൽ നരകശിക്ഷ അനന്തമാണെന്ന് ഉറപ്പിക്കാൻ ന്യായമില്ലെന്നാണ് ഇബ്‌നുൽ ഖയ്യിമിന്റെ വീക്ഷണം. എന്നാൽ സുദൃഢ അഭിപ്രായമായി അദ്ദേഹം അക്കാര്യം അവതരിപ്പിക്കുന്നില്ല. നരകശിക്ഷ നിമിഷാർധം പോലും അസഹ്യമാണെന്നിരിക്കെ യുഗങ്ങളോളം നീളുന്ന നരകശിക്ഷക്ക് ശേഷമുള്ള മോചനത്തെ പ്രതീക്ഷിക്കുന്നതിനേക്കാൾ വലിയ അവിവേകം വേറെയില്ല (വിശദ പഠനത്തിന് *ഖറദാവിയുടെ ഫത്‌വകൾ*, ഭാഗം 2, പ്രസാ. ഐ.പി.എച്ച്).

## പുകവലിക്കെതിരെ ഗൗരവമായ ഇടപെടൽ

■ *പുകവലിക്കുന്ന ആൾ 15 ശതമാനം മാത്രം പുക അകത്തേക്ക് വലിച്ചെടുക്കുമ്പോൾ 85 ശതമാനം പുകയും പുറത്തേക്ക് വിടുകയാണ്. പുകവലിക്കാത്തവർ ഈ 85 ശതമാനം പുകയുടെ ശല്യം സഹിക്കേണ്ടിവരുന്നു എന്നതാണ് പരോക്ഷ പുകവലി ഉയർത്തുന്ന ഗുരുതരമായ വെല്ലുവിളി.*

*..... മനുഷ്യന്റെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന, നിരപരാധികൾ പോലും കഷ്ടപ്പെടേണ്ടിവരുന്ന പരോക്ഷ പുകവലിക്കെതിരെ ഇത്ര ഉദാസീനമായ സമീപനം അധികൃതർ കൈക്കൊള്ളുന്നത് ശരിയാണോ?* (മാധ്യമം ഒക്ടോ. 11). *സാമൂഹിക ആരോഗ്യത്തെ കാർന്നു തിന്നുന്ന പുകവലി, ഹാൻസ്, പാൻപരാഗ്, ഗുഡ്ക എന്നിവയെ മതം എന്തുകൊണ്ട് ഗൗരവമായി കാണുന്നില്ല, ഇടപെടുന്നില്ല?*

***സുബൈർ മണലൊടി***
***കിണാശ്ശേരി***

**ഗു**ണത്തേക്കാൾ ദോഷം കൂടുതലാണ് എന്നതാണ് മദ്യവും ചൂതും നിരോധിക്കാൻ ഖുർആൻ ചൂണ്ടിക്കാട്ടിയ കാരണം. പുകവലിക്ക് എന്തെങ്കിലും ഗുണമുണ്ടോ എന്നുതന്നെ സംശയമാണ്. ദോഷങ്ങൾ വേണ്ടത്രയുണ്ടെന്ന് തീർച്ചയുമാണ്. അതിനാൽ പുകവലി പ്രവാചകന്റെ കാലത്തില്ലായിരുന്നു എന്ന ഏക ഞൊണ്ടി ന്യായത്തിന്മേൽ ഹലാലാക്കുന്ന പണ്ഡിതമതം അസ്വീകാര്യമാണ്. ഒരുവക സൂക്ഷ്മാലുക്കളായ പണ്ഡിതന്മാരൊക്കെ പുകവലി നിഷിദ്ധമാണെന്ന പക്ഷക്കാരാണ്. തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ആരോഗ്യത്തെ തകർക്കുന്ന പുകവലി എന്തു വിലകൊടുത്തും തുടരുന്നവരെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ പള്ളികളും മദ്റസകളും സ്റ്റഡി ക്ലാസ്സുകളും സംഘടനാ വ്യവസ്ഥകളും ഗൗരവപൂർവം പ്രയോജനപ്പെടുത്തണം.

## ഗൾഫ് സംഘടനകളുടെ പാരവെപ്പ്

■ *നാട്ടിൽ സഹിഷ്ണുതയുടെ അപ്പോസ്തലന്മാർ ചമയുന്ന, വലിയ വായിൽ സാഹോദര്യം പ്രസംഗിക്കുന്ന ചില പ്രസ്ഥാനങ്ങൾ മണലാര്യത്തിലെത്തിയാൽ സ്വന്തമായി 'പാർട്ടി ഗ്രാമ*

*ങ്ങൾ' ഉണ്ടാക്കുന്നതായി കാണുന്നു. തിണ്ണമിടുക്കും അസഹിഷ്ണുതയും ഗൾഫിൽ ചില സംഘടനകളുടെ മാത്രം പ്രത്യേകതയാണ്. കണ്ണൂരിലെ പാർട്ടി ഗ്രാമങ്ങളെ വെല്ലുന്ന ഐറ്റം നമ്പറുകൾ പുറത്തെടുത്ത് ഇസ്‌ലാമിക 'സാഹോദര്യം' നടപ്പിലാക്കുന്നവരുമുണ്ട്!*

*തങ്ങളുടെ പ്രസ്ഥാനവുമായി പല കാരണങ്ങളാൽ വിയോജിച്ച് മാറിനിൽക്കുന്നവരെ ഊരുവിലക്കേർപ്പെടുത്തിയും നിസ്സഹകരിച്ചും സംഘടനകൾ തമ്മിൽ തമ്മിൽ പാരപണിയുന്നതും ഗൾഫിൽ കാണുന്ന ഒരു പ്രതിഭാസമാണ്. പഠനക്ലാസ്സുകൾ നടത്തുന്ന പള്ളികൾക്ക് വരെ പിടിവലികൂടുന്നത് കാണുമ്പോൾ ഇത്തരം സംഘടനകൾ പറയുന്ന ഇസ്‌ലാമിനെ കൊണ്ട് ആർക്കാണ് പ്രയോജനം എന്ന് തോന്നിപ്പോകുന്നു. മുജീബിന്റെ പ്രതികരണം?*

***കെ.പി ബഹീജ് ഒമാൻ***

**നാ**ട്ടിൽ സംഘടനാ പക്ഷപാതിത്വവും വിഭാഗീയതയും പാരവെപ്പുമായി നടന്നവർ തൊഴിൽതേടി ഗൾഫിലെത്തിയതു കൊണ്ടു മാത്രം വിശാലഹൃദയരും ഐക്യവാദികളും ആവാൻ കാരണമില്ല. അവരെ നയിക്കുന്നതും നിയന്ത്രിക്കുന്നതും നാട്ടിലെ സങ്കുചിത മനസ്കരായ മതപണ്ഡിതന്മാരും നേതാക്കളുമാവുമ്പോൾ മറ്റൊന്ന് പ്രതീക്ഷിക്കുന്നത് വെറുതെയാണ്. എന്നാലും പാരവെപ്പും ഒറ്റുകൊടുപ്പും അതുപോലുള്ള ഹീന നടപടികളും എല്ലാവർക്കും ദോഷകരമാവും എന്ന തിരിച്ചറിവെങ്കിലും പ്രവാസി മുസ്‌ലിം സഹോദരന്മാർക്കുണ്ടാവേണ്ടതായിരുന്നു. പൊതുപ്രാതിനിധ്യമുള്ള സൗഹൃദവേദികളും പെരുമാറ്റച്ചട്ടങ്ങളും ഈ പ്രശ്നത്തിന് ഒരളവോളം പരിഹാരമാവാം. അത്തരം സംരംഭങ്ങൾ ചില ഗൾഫ് നാടുകളിലുണ്ട് താനും. വിവരസാങ്കേതികവിദ്യയുടെ വളർച്ച ഏറ്റവും ദോഷകരമായി അനുഭവപ്പെടുന്ന മേഖല കൂടിയാണ് ഗൾഫിലെ പ്രവാസികൾ. വിഭാഗീയതയുടെ കുഴലൂത്തുകാർ ഇറക്കുന്ന ദൃശ്യ-ശ്രാവ്യ കാസറ്റുകളും സി.ഡികളും ഇമെയിലും ഗൾഫ്മലയാളികളെ മലിനീകരിക്കുന്നതിൽ വഹിക്കുന്ന പങ്ക് ചെറുതല്ല. സമുദായസ്നേഹികളുടെ ശ്രദ്ധ ഈ വശത്തേക്ക് തിരിഞ്ഞേ തീരൂ.

## വിവാഹ പരസ്യം

■ *'35 വയസ്സായ ഹിന്ദു പുലയ സമുദായത്തിൽ ജനിച്ച യുക്തിവാദിയായ, യാതൊരു ദുശ്ശീലങ്ങളുമില്ലാത്ത യുവാവിന് വധുവിനെ ആവശ്യമുണ്ട്.' 3.9.08-ലെ* യുക്തിവിചാരം *മാസികയിൽ വന്ന ഒരു ആദർശ വിവാഹ പരസ്യമാണ്. മതവും ജാതിയും യുക്തിഹീനമായി കണ്ട്, മതാതീതമായി വിവാഹം കഴിക്കുമെന്ന് പറയാറുള്ള യുക്തിവാദികൾ എന്തിനാണ് വിവാഹപരസ്യത്തിൽ മതവും ജാതിയും കാണിക്കുന്നത്? 'ഹിന്ദു പുലയ സമുദായത്തിൽ ജനിച്ച യുക്തിവാദി' എന്ന പ്രയോഗം തന്നെ വികലമായ യുക്തിവാദത്തെ സൂചിപ്പിക്കുന്നില്ലേ? അതുപോലെ യാതൊരു ദുശ്ശീലങ്ങളുമില്ലാത്ത ഏതെങ്കിലും വ്യക്തി ഈ ഭൂലോകത്ത് ഉണ്ടാകുമോ?*

***വി. ഹശ്ഹാശ്***
***കണ്ണൂർ സിറ്റി***

**വെ**റും യുക്തിവാദി മനുഷ്യന് ഇണയെ വേണം എന്ന് പരസ്യം കൊടുത്താൽ ആകാശത്തേക്ക് നോക്കി നക്ഷത്രങ്ങൾ എണ്ണേണ്ടിവരും എന്ന് കരുതിയിരിക്കണം. ദുശ്ശീലങ്ങളുടെ മാനദണ്ഡം മതവിശ്വാസികൾ നിശ്ചയിക്കുന്നതല്ല. യുക്തിക്ക് നിരക്കാത്ത ശീലങ്ങളാവും പൂജയും ആചാരങ്ങളും മറ്റും. വികലമായ യുക്തിവാദം എന്ന ഒന്നില്ല. യുക്തിവാദം മൊത്തം വികലമാണ്. ■